ഉത്തരം

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തൽ, മദ്ധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കൽ, റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം, പൊതുവിതരണ രംഗത്തെ കമ്പ്യൂട്ടർവൽക്കരണം എന്നീ പ്രക്രിയകൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തെ ബി.പി.എൽ. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി തദ്ദേശ സ്വയംഭരണവകുപ്പ് പുറത്തിറക്കിയിട്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപേക്ഷാ ഫാറം കാർഡുടമകൾക്ക് നൽകി വിവരം ശേഖരിച്ച് ഡാറ്റാ എൻട്രി നടത്തി റാങ്കിംഗിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടിയാണ് വിഭാവന ചെയ്തിട്ടുള്ളത്.

(സി) ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം മുൻഗണനാ വിഭാഗത്തിന് മാത്രമാണ് റേഷൻ ഭക്ഷ്യധാന്യം ലഭിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ എല്ലാ കാർഡുടമകൾക്കും റേഷൻ വിഹിതം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. വെൽഫെയർ, അന്നപൂർണ്ണ എന്നിവയ്ക്കായി പ്രത്യേക അലോട്ട്മെന്റ് നൽകുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 1472688 മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് നൽകുന്നതെങ്കിലും കഴിഞ്ഞ മൂന്ന് കൊല്ലത്തെ ശരാശരി ആയ 16.20 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ട്.

(സി) താലൂക്ക് തലത്തിൽ റാങ്കിംഗ് നടത്തുമ്പോൾ ഏറ്റവും പിന്നോക്കം നിൽക്കുന്ന അർഹതയുള്ള എല്ലാവരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയും.

ഭക്ഷ്യസുരക്ഷാ നിയമം

223 (1267) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014 മേയ് മാസത്തിന് ശേഷം ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തൽ, മധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കൽ, റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം, പൊതുവിതരണ രംഗത്തെ കമ്പ്യൂട്ടർവൽക്കരണം എന്നീ പ്രക്രിയകൾ നടന്നുവരുന്നു.

(ബി) സപ്ലൈ ചെയിൻ നടപ്പിലാക്കുക, വാതിൽപ്പടി വിതരണം നടത്തുക തുടങ്ങിയവ പൂർത്തിയാക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ഭക്ഷ്യസുരക്ഷാ പദ്ധതി

224 (1268) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ പദ്ധതി സംബന്ധമായി സംസ്ഥാനത്ത് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ നടപ്പാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഭക്ഷ്യസുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുക, മധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കുക, റേഷൻ സാധനങ്ങൾ വാതിൽപ്പടി വിതരണം നടത്തുക, പൊതുവിതരണരംഗം കമ്പ്യൂട്ടർവൽക്കരിക്കുക എന്നീ പ്രക്രിയകൾ നടന്നുവരുന്നു. ഇത് പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

റേഷൻ കാർഡ് സമയബന്ധിതമായി ലഭ്യമാക്കൽ

225 (1269) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ എന്നാണ് ആരംഭിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly